# Mathrubhumi

## 23 August 2018

## After Flood, Economic Concerns



# പ്രകൃതിദുരന്തങ്ങൾ ബാക്കിവയ്ക്കുന്ന സാമ്പത്തിക വിചാരങ്ങൾ

Smart money

ഡോ. കൊച്ചുറാണി ജോസഫ് |
drkochurani@gmail.com

കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത സമാനതകളില്ലാത്ത ദുരിതമുഖത്തുനിന്നാണ് ഞാൻ ഇത് എഴുതുന്നത്. പെരിയാറും ചാലക്കുടിപ്പുഴയും കിലോമീറ്ററുകളോളം കരകവിഞ്ഞ് ഒഴുകുന്നു. അതിനു നടുവിലാണ് ഞാൻ ഇപ്പോൾ ഉള്ളത്. സ്വന്തമെന്നു കരുതിയതെല്ലാം നഷ്ടപ്പെട്ടു. ഒന്നും ബാക്കിയില്ലാത്തവന്റെ സ്വാതന്ത്ര്യത്തിലാണ് ഞാൻ ഇപ്പോൾ. പാസ്പോർട്ടും ഡ്രൈവിങ് ലൈസൻസും ആധാർ കാർഡുമുൾപ്പെടെ എല്ലാ രേഖകളും ഇട്ടിരിക്കുന്നതല്ലാത്ത വസ്ത്രങ്ങളും പുസ്തകങ്ങളും വർഷങ്ങളായുള്ള അദ്ധ്വാനഫലമായ ഡോക്ടറൽ തീസിസിന്റെ പേപ്പറുകളും എല്ലാം രണ്ടുനില വരെ പൊങ്ങിയ വെള്ളത്തിൽ മുറിക്കകത്ത് ഒഴുകി നടക്കുന്നു. ജീവൻ ബാക്കി തന്ന ദൈവത്തിനു നന്ദി' - എന്റെ സുഹൃത്തായ ബാബുവിൽനിന്ന് എനിക്ക് കഴിഞ്ഞ ദിവസം ലഭിച്ച വാട്സ് ആപ് സന്ദേശമാണിത്. ഈ നാളുകളിൽ ബാബു ഗവേഷണം പൂർത്തിയാക്കുന്നതിന്റെ തിരക്കിലായിരുന്നു.

ദുരിതപൂർണമായ സാമ്പത്തിക പ്രശ്നങ്ങളിലൂടെ കേരള ജനത കടന്നുപോവുന്ന സമയമാണിത്. സർക്കാരും ദുരിതനിവാരണ സേനയും ക്ലബ്ബുകളും സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും പൊതുജനങ്ങളും സ്വന്തം ജീവനും സുരക്ഷിതത്വവും മറന്ന് സേവനത്തിൽ മുഴുകിക്കൊണ്ട് ദുരന്തത്തിന്റെ ആഘാതം കുറച്ചു. എങ്കിലും വിവിധ സാമ്പത്തിക, സാമൂഹിക പ്രശ്നങ്ങൾ നമ്മൾ ഇനിയും നേരിടേണ്ടതുണ്ട്.

സാമ്പത്തിക സഹകരണത്തിനും വികസനത്തിനുമായുള്ള വിവിധ ലോകരാഷ്ട്രങ്ങളുടെ സംഘടനയായ ഒ.ഇ.സി.ഡി. യുടെ പഠന റിപ്പോർട്ടനുസരിച്ച് 1971-നു ശേഷം മാത്രം ലോകത്ത് 9,800 പ്രകൃതിദുരന്തങ്ങളുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായി 3.7 മില്യൺ ആളുകൾ മരണപ്പെടുകയും 5.8 ബില്യൺ ആളുകൾ ദുരിതത്തിലേക്ക് വീഴുകയും ചെയ്തിട്ടുണ്ട്. പ്രകൃതി സംരക്ഷണവും അനുബന്ധ പ്രശ്നങ്ങളും എന്നും മാനവിക വിഷയവും സാമ്പത്തിക പ്രശ്നവുമാണ്. അതുകൊണ്ടുതന്നെ ദുരന്തനിവാരണ യജ്ഞം സാമ്പത്തിക ശാസ്ത്ര വിഷയമായി പല സർവകലാശാലകളും പഠിപ്പിക്കുന്നു.

പ്രകൃതിദുരന്തങ്ങൾ സാമ്പത്തിക വ്യവസ്ഥിതിയെ പ്രധാനമായും രണ്ടുതരത്തിൽ ബാധിക്കുന്നു. അത് രാഷ്ട്രത്തിന്റെ അടിസ്ഥാന സ്ഥാപന മൂലധനമായ റോഡുകൾ, ഫാക്ടറികൾ, പൈപ്പ് ലൈനുകൾ എന്നിവയെ നശിപ്പിക്കുന്നു. വൻതോതിലുള്ള കൃഷിനാശവും കാർഷിക മേഖലയിലെ നഷ്ടവും ഉത്പാദനത്തെയും ഉപഭോഗത്തെയും പ്രതികൂലമായി ബാധിക്കുന്നു. രണ്ടാമത്തേത് ഇതെല്ലാം മൂലം ജി.ഡി.പി. അഥവാ മൊത്ത ആഭ്യന്തര ഉത്പാദനം കുറയുകയും അതുവഴി ജീവിതനിലവാര സൂചിക താഴ്ന്ന് പണപ്പെരുപ്പമുണ്ടാവുകയും ചെയ്യും.

ഇവിടെ നമ്മൾ സ്വീകരിക്കേണ്ട ചില സാമ്പത്തിക നിലപാടുകൾ പ്രധാനപ്പെട്ടതാണ്. അതിൽ ഒന്നാമത്തേത് സാമ്പത്തിക അച്ചടക്കമാണ്. വസ്തുക്കൾ കുന്നുകൂട്ടുന്ന സംസ്കാരത്തിൽനിന്നു മാറി, വസ്തുക്കളല്ല, വ്യക്തിയും ജീവനുമാണ് വലുതെന്ന തിരിച്ചറിവിൽ തുടർന്നും ജീവിക്കാനാവുക എന്നതാണ് പഠിക്കേണ്ട പാഠം. അധ്വാനത്തിന്റെ വില മനസ്സിലാക്കുകയും മിതവ്യയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ജീവിക്കാനാവുകയും വേണം. ഭക്ഷണം, വസ്ത്രം, സാമഗ്രികൾ എന്നിവയോട് സമദൂര സിദ്ധാന്തത്തിൽ ജീവിക്കാനാവണം. പണം എല്ലാമാവുന്നതും അത് ഒന്നുമല്ലാതാവുന്നതും തിരിച്ചറിയാനുള്ള വിവേകം തുടർന്നും ഉണ്ടാവാണം.

മലയാളികളുടെ പത്തരമാറ്റുള്ള മനുഷ്യസ്നേഹം കണ്ടുവെന്നുള്ളതാണ് ഈ ദുരന്തത്തിൽ കണ്ട മനോഹരമായ കാഴ്ച. എന്റെ അയൽപക്കത്തുകാരിയായ മഹിമ തന്റെ വീട് പൂട്ടി താക്കോൽ എന്നെ ഏൽപ്പിക്കുമ്പോൾ പറഞ്ഞു. 'ഞങ്ങൾ നാട്ടിലേക്ക് പോവുകയാണ്. ഫ്രിഡ്ജ് നിറച്ച് സാധനങ്ങൾ ഉണ്ട്. കൂടാതെ രണ്ടാഴ്ചത്തേക്കുള്ള ഭക്ഷണ സാമഗ്രികളും മേടിച്ചുവച്ചിട്ടുണ്ട്. ആർക്കെങ്കിലും ആവശ്യമുണ്ടെങ്കിൽ മുഴുവനും എടുത്ത് കൊടുത്തുകൊള്ളുക. ആർക്കെങ്കിലും താമസിക്കണമെന്നുണ്ടെങ്കിൽ വീടും കൊടുക്കുക'. ഇപ്രകാരമുള്ള മനോഭാവമുൾക്കൊണ്ട ഒത്തിരിപ്പേരെ ഈ ദിവസങ്ങളിൽ കണ്ടുമുട്ടി. ഈ മനോഭാവത്തിലും ജീവിത രീതിയിലും നമുക്ക് ഇനിയും ജീവിക്കാനായാൽ ജീവിതം ധന്യമാവും. സമ്പത്ത് സൃഷ്ടിക്കാനും അതിനോട് നിയതമായ അകലം കാത്തുസൂക്ഷിക്കാനുമായാൽ ഈ ദുരന്തവും നമ്മൾ വേഗത്തിൽ മറികടക്കും.

ബജറ്റ് ക്രമീകരണങ്ങൾ ഇനി സർക്കാരിന് വലിയ ബാധ്യതയാവുമെന്നതിൽ സംശയമില്ല. പുനരുദ്ധാരണവും പുനരധിവസിപ്പിക്കലും സാമൂഹിക സുരക്ഷാ പാക്കേജിന്റെ ഭാഗമായി തന്നെ മുന്നോട്ടു പോവണം. നികുതിവരുമാനവും വിതരണവും പുനഃക്രമീകരിക്കേണ്ട അവസ്ഥയാണുള്ളത്. ഇൻഷുറൻസ് പോലുള്ള സംവിധാനങ്ങൾ ലഭിക്കാൻ സാധ്യതയുള്ള മേഖലകളിൽ അതെത്തിക്കാനുള്ള ഇടപെടലുകളുണ്ടാവണം.

ഡോക്ടർമാരും ആരോഗ്യപരിപാലന പ്രവർത്തകരും നിസ്തുലമായ സേവനമാണ് ഈ നാളുകളിൽ നൽകിയത്. അത് കുറച്ചുനാളുകൾ കൂടി തുടരേണ്ടിയിരിക്കുന്നു. കാരണം പകർച്ചവ്യാധികൾ പോലുള്ള നിരവധി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യതകളേറെയാണ്. നിരാശയും മറ്റ് മാനസിക പ്രശ്നങ്ങളും പരിഗണിച്ച് ആരോഗ്യ മേഖലയിൽ ധാരാളം കൗൺസിലർമാരും സന്നദ്ധ പ്രവർത്തകരും തുടർസേവനം ഉറപ്പാക്കണം.

വീഴ്ചയിലല്ല, ഓരോ വീഴ്ചയിൽനിന്നും പാഠങ്ങൾ പെറുക്കിയെടുത്ത് എഴുന്നേൽക്കുന്നതിലാണ് മനുഷ്യന്റെ മഹത്ത്വം അടങ്ങിയിരിക്കുന്നത്. പ്രകൃതിദുരന്തങ്ങളെ അതിജീവിക്കാനുള്ള അറിവും വിവേകവും മനുഷ്യനുണ്ടാവണമെന്ന പെത്ര നെമ്കോവെയുടെ വാക്കുകൾ ശ്രദ്ധാപൂർവമായ തയ്യാറെടുപ്പിന് നമ്മളെ എല്ലാവരെയും ഓർമപ്പെടുത്തുന്നു.

ആരോടാണ് നന്ദി പറയേണ്ടത്; എല്ലാവർക്കും എല്ലാവരോടും നന്ദിയും കടപ്പാടും മാത്രം. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് സ്നേഹിക്കാനാണ്. എന്നാൽ വീടുപോലുള്ള വസ്തുക്കൾ ഉണ്ടാക്കുന്നത് ഉപയോഗിക്കാനാണ്. പക്ഷേ, പ്രയോഗത്തിൽ ഇവ പരസ്പരം മാറി വസ്തുക്കളെ സ്നേഹിക്കുകയും വ്യക്തികളെ ഉപയോഗിക്കുകയും ചെയ്യുന്നതുകൊണ്ട് കോൺക്രീറ്റ് കെട്ടിടങ്ങളെ നമ്മൾ ഏറെ സ്നേഹിച്ചു. സ്നേഹിക്കേണ്ടത് വസ്തുക്കളെയല്ല, വ്യക്തികളെയാണെന്ന് പഠിപ്പിച്ചുകൊണ്ട് ഈ മഹാ ദുരന്തവും അനുബന്ധ സാമ്പത്തിക പ്രശ്നങ്ങളും നമുക്ക് അതിജീവിക്കാം. കാരണം അതിജീവനമാണ് നമ്മളുടെ പ്രതീക്ഷ. വിജയം നമ്മുടെ പ്രതിരോധവുമാണ്.